# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.859  28.04.2017 ൽ മറുപടിക്ക്**

**റോഡുകളുടെ നിർമ്മാണത്തെത്തുടർന്ന് വീടുകൾക്കും സ്ഥാപനങ്ങൾക്കും കേടുപാടുകൾ**

| ചോദ്യം<br>ശ്രീ. ഒ. ആർ.കേളു | | ഉത്തരം<br>ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്ത് റോഡുനിർമ്മാണ ത്തിനായി ശക്തിയേറിയ ഹൈഡ്രോളിക് റോളറും മറ്റും ഉപയോഗിക്കുന്നതിന്റെ ഫലമായി നിർമ്മാണ സ്ഥലത്തോടു ചേർന്നുള്ള വീടുകൾക്കും സ്ഥാപനങ്ങൾക്കും കേടുപാടുകൾ സംഭവിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിനായി വൈബ്രേറ്ററി റോളർ ഉപയോഗിക്കുന്നതിന്റെ ഫലമായി നിർമ്മാണ സ്ഥലത്തോടു ചേർന്നുള്ള വീടുകൾക്കും സ്ഥാപനങ്ങൾക്കും കേടുപാടുകൾ സംഭവിക്കുന്നതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. സാധാരണയായി നിലവിലുള്ള നിബന്ധനകൾ അനുസരിച്ച് റോഡിന്റെ അതിർത്തിയിൽ നിന്നും നിശ്ചിത ദൂരം മാറ്റിയാണ് വീടുകളും സ്ഥാപനങ്ങളും നിർമ്മിക്കാനുള്ള അനുവാദം നൽകുന്നത്. ആയതിനാൽ സംസ്ഥാനത്തെ ഭൂരിഭാഗം കെട്ടിടങ്ങളും റോഡിൽ നിന്നും മാറിയാണ് സ്ഥിതി ചെയ്യുന്നത്. |
| ബി) | റോഡുകളുടെ നിർമ്മാണം പൂർത്തീകരി ക്കുമ്പോൾ ഇത്തരത്തിൽപ്പെടുന്ന വീടുകൾ തകരാനും വീടിന്റെ സുരക്ഷ നഷ്ടപ്പെടാനും ഇടയാകുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പ്രത്യേകമായി അവലോകനം ചെയ്യുമോ; | ബി) & സി) | റോഡുകളിൽ വാഹനങ്ങൾ മറ്റ് നിർമ്മാണ യന്ത്രങ്ങൾ എന്നിവ മുഖേന കെട്ടിടങ്ങൾക്ക് കേടുപാടുകൾ സംഭവിക്കാതിരിക്കുന്നതിനും റോഡിന് ആവശ്യമായ പ്രവർത്തനങ്ങൾക്കും വേണ്ടിയാണ് ബിൽഡിംഗ് കൺട്രോൾ ലൈൻ നിശ്ചയിച്ചിരിക്കുന്നത്. ഇതിൻ പ്രകാരം മാത്രമാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്. ഇതിന് വിപരീതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചാൽ നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയില്ല. എന്നാൽ നിയമാനുസൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് റോഡ് പ്രവർത്തി മൂലം കേടുപാടുകൾ സംഭവിച്ചാൽ നഷ്ടപരിഹാരം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| സി) | ഇതു സംബന്ധിച്ച് സർവ്വേ നടത്തി നിജസ്ഥിതി ബോധ്യമായതിന് ശേഷം നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ